## പതിനാലാം കേരള നിയമസഭ

## പതിനഞ്ചാം സമ്മേളനം

**നക്ഷത്രചിഹ്നമിടാത്ത നിയമസഭാ ചോദ്യം നമ്പർ 923** — **10.06.2019-ൽ മറുപടിയ്ക്ക്.**

# പാൽ ഉൽപ്പാദനം വർദ്ധിപ്പിക്കുന്നതിനുള്ള നടപടികൾ

| ചോദ്യം | ഉത്തരം |
|---|---|
| **ശ്രീ.എൽദോ എബ്രഹാം** | **ശ്രീ.കെ രാജു**<br>(വനവും, മൃഗസംരക്ഷണവും, ക്ഷീരവികസനവും, മൃഗശാലകളും വകുപ്പ് മന്ത്രി) |
| (എ) സംസ്ഥാനത്തെ പാൽ ഉൽപ്പാദനവും ഉപയോഗവും സംബന്ധിച്ച കണക്ക് എടുക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ചിട്ടുണ്ടോ; എങ്കിൽ വിശദാംശങ്ങൾ ലഭ്യമാക്കാമോ; | (എ) പ്രാഥമിക ക്ഷീരോല്പാദക സഹകരണ സംഘം വഴി സംഭരിക്കുന്ന പാലിന്റെ കണക്കനുസരിച്ചാണ് സംസ്ഥാനത്തെ മൊത്തം പാലിന്റെ ഉല്പാദനവും ഉപഭോഗവും കണക്കാക്കുന്നത്.<br>2018-19 വർഷത്തിൽ ക്ഷീരോല്പാദക സഹകരണ സംഘങ്ങൾ മുഖേന പ്രതിദിനം ശരാശരി 18.64 ലക്ഷം ലിറ്റർ പാൽ സംഭരിച്ചിട്ടുണ്ട്. മിൽമ പ്രതിദിനം 13.20 ലക്ഷം ലിറ്റർ പാൽ സംഭരിക്കുകയും 14 ലക്ഷം ലിറ്റർ പാൽ വിതരണം നടത്തുകയും ചെയ്യുന്നുണ്ട്.<br>പാൽ ഉല്പാദനത്തിന്റെയും ഉപഭോഗത്തിന്റെയും ശാസ്ത്രീയമായ കണക്ക് ലഭിക്കുന്നതിനായി ഈ വർഷം ഒരു സാമ്പിൾ സർവ്വേ നടത്തുന്നതിനുള്ള പ്രാരംഭനടപടികൾ ആരംഭിച്ചിട്ടുണ്ട്. ആയത് പൂർത്തീകരിക്കുന്ന മുറയ്ക്ക് ഇതു സംബന്ധിച്ച് വ്യക്തമായ കണക്ക് ലഭിക്കുന്നതാണ്. ഇത് ഭാവിയിലെ ആസൂത്രണത്തിന് ഉപയോഗപ്രദമാകും. |
| (ബി) പാൽ ഉൽപ്പാദനം വർദ്ധിപ്പിക്കുന്നതിനായി സർക്കാർ സ്വീകരിച്ചിട്ടുള്ള നടപടികൾ എന്തൊക്കെയാണെന്ന് അറിയിക്കാമോ; | (ബി) പാൽ ഉല്പാദനം വർദ്ധിപ്പിക്കുന്നതിനായി ക്ഷീരവികസന വകുപ്പ് പ്രധാനമായി താഴെ പറയുന്ന പദ്ധതികളാണ് നടപ്പിലാക്കുന്നത്.<br>1) തീറ്റപ്പുൽകൃഷി വികസന പദ്ധതി<br>2) കാലിത്തീറ്റ സബ്സിഡി<br>3) മിൽക്ക് ഷെഡ് ഡെവലപ്പ്മെന്റ് പ്രോഗ്രാം<br>4) ക്ഷീരസംഘങ്ങൾക്കുള്ള ധനസഹായം<br>5) ക്ഷീരകർഷകർക്കുള്ള അവശ്യാധിഷ്ഠത ധനസഹായ പദ്ധതി.<br>6) സമഗ്ര ഇൻഷുറൻസ് പദ്ധതി<br>7) കന്നുക്കുട്ടി ദത്തെടുക്കൽ പദ്ധതി<br>കൂടാതെ, ക്ഷീരകർഷക ക്ഷേമനിധിയിലൂടെ പെൻഷൻ, കുടുംബ പെൻഷൻ, അവശതാ പെൻഷൻ, ചികിത്സാ ധനസഹായം, വിവാഹ ധനസഹായം, മരണാനന്തര ധനസഹായം, അപകട മരണത്തിനുള്ള ധനസഹായം, |

ക്ഷീരകർഷകർക്കുള്ള അവാർഡ് എന്നിവയും നൽകിവരുന്നു.

മിൽമയുടെ മേഖലാ യൂണിയനുകൾ പാലുല്പാദനം വർദ്ധിപ്പിക്കുന്നതിനായി താഴെ പറയുന്ന പദ്ധതികൾ നടപ്പിലാക്കി വരുന്നു.

മലബാർ മേഖല യൂണിയൻ കിടാരി സംരക്ഷണ പദ്ധതി 50% ധനസഹായത്തോടെ കന്നുക്കുട്ടികൾക്ക് ആവശ്യമായ കാലിത്തീറ്റ ഒന്നര വർഷത്തേക്ക് നൽകിക്കൊണ്ട് 5000 പശുകുട്ടികളെ പരിപാലിച്ചുവരുന്നു. നിലമ്പൂർ, അട്ടപ്പാടി, പട്ടാമ്പി, കോട്ടക്കൽ എന്നീ സ്ഥലങ്ങളിലെ കർഷകർക്ക് പശുക്കളെ വാങ്ങുന്നതിന് സംഘങ്ങൾക്ക് മിൽമയുടെ ഫണ്ട് ഉപയോഗിച്ച് റിവോൾവിംഗ് ഫണ്ട് നൽകിയിട്ടുണ്ട്. സംസ്ഥാന സർക്കാർ പട്ടികജാതി പട്ടികവർഗ്ഗ വികസന വകുപ്പുകളുടെ സാമ്പത്തിക സഹായത്തോടെ പശു പരിപാലനത്തിന് കറവമാടുകൾ, തൊഴുത്ത്, കാലിത്തീറ്റ, ഇൻഷ്വറൻസ് എന്നിവ സൗജന്യമായി നൽകി വരുന്നു. ക്ഷീരസംഘങ്ങൾ വഴി 2018-19 വർഷം 3643 മെട്രിക് ടൺ പച്ചപ്പുല്ല് സബ്സിഡിയോടുകൂടി കർഷകർക്ക് ലഭ്യമാക്കിയിട്ടുണ്ട്. ഫാം സപ്പോർട്ട് സബ്സിഡി വഴി മലബാർ യൂണിയൻ കൂടുതൽ പശുക്കൾ ഉള്ള ആധുനിക ഡയറി ഫാമുകൾ സൃഷ്ടിച്ചുകൊണ്ടിരിക്കുന്നു. കന്നുകാലികൾക്കാവശ്യമുള്ള ഗുണമേന്മയുള്ള വിവിധതരം പിണ്ണാക്കുകൾ, ചോളപ്പൊടി, തവിടുകൾ ഇവയെല്ലാം ക്ഷീരസംഘങ്ങൾ വഴി കർഷകർക്ക് വിതരണം ചെയ്തുവരുന്നു. ഫീഡ് സപ്ലിമെന്റുകളായ വിവിധതരം ധാതുലവണമിശ്രിതങ്ങൾ, മീനെണ്ണ എന്നിവ ക്ഷീരസംഘങ്ങൾക്ക് വിതരണം ചെയ്യുന്നു.

എറണാകുളം മേഖല യൂണിയൻ 2018 ഡിസംബർ മുതൽ 2019 ഏപ്രിൽ അവസാനം വരെ സംഭരിക്കുന്ന ഓരോ ലിറ്റർ പാലിനും ഒരു രൂപ നിരക്കിൽ ഇൻസെന്റീവ് നൽകിയിട്ടുണ്ട്. കന്നുകാലി ഇൻഷ്വറൻസ് പദ്ധതിക്കുള്ള സബ്സിഡിക്കായി തുക വകയിരുത്തിയിട്ടുണ്ട്. അകിടുവീക്ക നിയന്ത്രണത്തിനുള്ള പ്രത്യേക പദ്ധതി നടപ്പിലാക്കുന്നുണ്ട്. വൈക്കോൽ വിതരണത്തിനും കറവയന്ത്രത്തിന് സബ്സിഡിക്കും തുക വകയിരുത്തിയിട്ടുണ്ട്. സ്വകാര്യ ഏജൻസികൾക്ക് പാൽ നൽകുന്ന ഫാം സെക്ടർ കർഷകരെ ആകർഷിക്കുന്നതിനായി പ്രതിദിനം ശരാശരി 50 ലിറ്ററോ അതിലധികമോ പാൽ സംഘങ്ങളിൽ അളക്കുന്ന ഫാം സെക്ടർ കർഷകർക്ക് ലിറ്ററിന് 20 പൈസ നിരക്കിൽ ഫാം ഇൻസെന്റീവ് നൽകുന്നുണ്ട്. ക്ഷീരസംഘങ്ങൾക്ക് പാൽ നൽകുന്ന മുഴുവൻ കർഷകരുടെയും മുഴുവൻ കറവപശുക്കളെയും വിരമുക്തമാക്കുന്നതിനുള്ള പദ്ധതി നടപ്പിലാക്കുന്നുണ്ട്.

തിരുവനന്തപുരം മേഖല യൂണിയൻ കന്നുകാലികളെ വാങ്ങുന്നതിനുള്ള റിവോൾവിംഗ് ഫണ്ട്, കാലിത്തീറ്റ സബ്സിഡി, കന്നുകാലി ഇൻഷ്വറൻസ് പ്രീമിയം സബ്സിഡി, കന്നുക്കുട്ടി / കിടാരി ദത്തെടുക്കൽ പദ്ധതി, ചെറുകിട കർഷകർക്കുള്ള സൗജന്യ കാലിത്തീറ്റ (മിനി ഡയറി) പദ്ധതി, കാലിത്തൊഴുത്ത് നവീകരണത്തിനുള്ള ധനസഹായം, ഹാൻഡ് ഓപ്പറേറ്റഡ് കറവ യന്ത്രത്തിനുള്ള സബ്സിഡി, വികേന്ദ്രീകൃത മൃഗ ചികിത്സാ യൂണിറ്റുകൾ, മൃഗ ചികിത്സാ ക്യാമ്പുകൾ, ക്ഷീരസംഘം ജീവനക്കാർക്കുള്ള ഇൻസെന്റീവ് പദ്ധതി, വേനൽക്കാല ഇൻസെന്റീവ്, പാൽ വില വ്യത്യാസം എന്നീ പദ്ധതികൾ നടപ്പിലാക്കി വരുന്നു.

| | |
|---|---|
| (സി) ക്ഷീരകർഷകരെ സഹായിക്കുന്നതിനായി നിലവിലുള്ള പദ്ധതികൾ എന്തൊക്കെയാണെന്ന് വിശദമാക്കാമോ? | (സി) ക്ഷീരകർഷകരെ സഹായിക്കുന്നതിനായി 2019-20 വർഷം നടപ്പിലാക്കുന്നതിന് ഉദ്ദേശിക്കുന്ന പദ്ധതികൾ ചുവടെ ചേർക്കുന്നു. |

1. തീറ്റപ്പുൽകൃഷി വികസന പദ്ധതി
2. മിൽക്ക് ഷെഡ് ഡെവലപ്പ്മെന്റ് പ്രോഗ്രാം
3. ക്ഷീരഗ്രാമം
4. ക്ഷീരസംഘങ്ങൾക്കുള്ള ധനസഹായം
5. ക്ഷീരകർഷകർക്കുള്ള അവശ്യാധിഷ്ഠിത ധനസഹായം
6. കാലിത്തീറ്റ സബ്സിഡി
7. ധാതുലവണ മിശ്രിത വിതരണം
8. ഹീഫർ പാർക്ക്
9. സമഗ്ര ഇൻഷ്വറൻസ് പദ്ധതി
10. പാൽ ഗുണനിലവാര പരിശോധനാ പ്രവർത്തനങ്ങൾ

**സെക്ഷൻ ഓഫീസർ**